LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ വാർഡുകൾ ടി സ്ഥാപനത്തിന്റെ 110 ഏക്കറോളം വരുന്ന സ്ഥലത്ത് വിവിധ ഭാഗങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ജീർണ്ണിച്ചതും ചിതറിക്കിടക്കുന്നതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനാവശ്യമായ 3.50 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലേക്ക് 28-6-2014-ലെ ജി.ഒ. (ആർടി.) നമ്പർ 2140/2014/എച്ച് & എഫ്.ഡബ്ല്യു.ഡി/തീയതി, പ്രകാരം 500 ലക്ഷം രൂപയ്ക്ക് ആരോഗ്യവകുപ്പിന്റെ മനുഷ്യവിഭവശേഷി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് പി.ഡബ്ല്യു.ഡി.യുടെ സാങ്കേതിക അനുമതി ലഭിക്കുകയും പി.ഡബ്ല്യു.ഡി മുഖേന ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയുള്ള രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭിക്കുവാൻ നടപടി**

**39 (731)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയുള്ള രോഗികൾക്ക് പ്രതിദിനം അവരുടെ അക്കൗണ്ടിൽനിന്നും 500 രൂപ വീതം കുറയുന്നുവെങ്കിലും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) സർക്കാർ ആശുപത്രികളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളെക്കുറിച്ചും പരാതി അറിയിക്കുവാൻ ഓൺലൈൻ/ഹോട്ട്ലൈൻ പരാതി പരിഹാരസംവിധാനം ഒരുക്കുമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി ഡോക്ടർമാർ കുറിക്കുന്ന മരുന്നുകൾ, വിലകൂടിയ മരുന്നുകൾ ഉൾപ്പെടെ എല്ലാംതന്നെ മെഡിക്കൽ സ്റ്റോറിലെ സ്റ്റോക്കിൽനിന്നുംതന്നെ ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടായാൽ പരാതി അറിയിക്കുവാൻ നിലവിൽ കോർപ്പറേഷനിൽ 1800 1202 202 എന്ന ഒരു ടോൾഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത നമ്പർ എല്ലാ സർക്കാർ ആശുപത്രികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.